# യുഗപഠനചരിത്രം

റ്റി. കെ. കരുവിള, കോട്ടയം.

വിശുദ്ധ ബൈബിൾപ്രവചന വ്യാഖ്യാനത്തിന്റെ ഒരു സുപ്രധാന പ്രമാണമായ യുഗപര ഉപദേശത്തെക്കുറിച്ച് അഭിനവ ക്രൈസ്തവലോകത്തിൽ പരക്കെ വ്യാപരിച്ചിട്ടുള്ള തെറ്റുധാരണകളിൽ ഒന്നു് അതു് 19-ാംനൂറ്റാണ്ടിലെ ചില പ്രോട്ടസ്റ്റന്റു് സഭാ വേദവ്യാഖ്യാതാക്കൾ പ്രചരിപ്പിച്ച ഒരു നവീനപ്രവചനോപദേശമാണു് എന്നാണു്. അടുത്തകാലത്തു കേരളത്തിലെ ചില ക്രിസ്തീയ മാസികകളും പ്രസ്തുത അബദ്ധജടിലമായ അഭിപ്രായം പ്രചരിപ്പിക്കുവാൻ ഒരുമ്പെട്ടുകാണുന്നു. അതിനാൽ തൽസംബന്ധമായ ഒരു ഗവേഷണലേഖനം 1978-ലെ ഈ പ്രവചന കോൺഫറൻസിൽ അവതരിപ്പിക്കുന്നതു് സമുചിതമാണു് എന്നു ഞാൻ കരുതുന്നു.

ഇന്നത്തെ ലോകവ്യവസ്ഥിതി 6000 വർഷം നിലനിൽക്കുമെന്നും തുടർന്നു സമാധാനപരവും സന്തോഷകരവുമായ ഒരു കാലം സംജാതമാകുമെന്നും മാനവരാശി പുരാതനകാലംമുതൽ വിശ്വസിച്ചിരുന്നു എന്നുള്ളതിനു് ധാരാളം തെളിവുകൾ ഉണ്ടു്. സമയക്രമമനുസരിച്ചു് അവ ഉദ്ധരിക്കാം.

"നന്മതിന്മകൾ തമ്മിലുള്ള സംഘട്ടനം 6000 വർഷം, അതിനുശേഷം മനുഷ്യർക്കു ക്ഷാമമോ പീഡയോ ഇല്ലാത്ത ഉല്ലാസകരമായ ഒരു കാലയളവു് ഉണ്ടാകുമെന്നു്" കൽദയക്കാർ വിശ്വസിച്ചിരുന്നു എന്നു് പ്ലൂട്ടാർക്കു് രേഖപ്പെടുത്തിയിട്ടുണ്ടു്. [8]

പേർഷ്യയിലെ സൊറോസ്റ്റർ മതസ്ഥാപകൻ അപ്രകാരം പഠിപ്പിച്ചിരുന്നു. ഫ്രാൻസിലെ ഒരു പ്രമുഖ പ്രൊട്ടെസ്റ്റൻറ് നേതാവും പ്രവചനവ്യാഖ്യാതാവുമായിരുന്ന ചാറൽസ് ഡാബ്ബ്യൂസ്സ് ആദിമപിതാക്കന്മാരുടെ കാലംമുതൽ നിലവിലിരുന്ന അഭിപ്രായമാണ് അതെന്നു് പ്രസ്താവിച്ചിട്ടുണ്ട്. [11]

ഈജിപ്റ്റുകാരുടെ ശാസ്ത്രകലാ മതഗുരുവെന്നറിയപ്പെടുന്ന ഹേർമിസ്സ് ത്രിസ്മെജീസ്റ്റസ് അവ്വിധം പഠിപ്പിച്ചിരുന്നു.

ഭൂലോകസൃഷ്ടിസംബന്ധമായി എത്രൂസ്കൻ ചരിത്രത്തിൽ ഇവ്വിധം കാണുന്നു:

"രാശിചക്രത്തിലെ 12 വിഭാഗമനുസരിച്ച് 12000 വർഷംകൊണ്ടാണു് സ്രഷ്ടാവു് സൃഷ്ടി നിർവ്വഹിച്ചതു്. ആദ്യത്തെ സഹസ്രാബ്ദത്തിൽ ആകാശവും ഭൂമിയും, രണ്ടാമത്തേതിൽ വിതാനവും, മൂന്നാമത്തേതിൽ സമുദ്രവും കരയും, നാലാമത്തേതിൽ സൂര്യചന്ദ്രനക്ഷത്രാദികളും, അഞ്ചാമത്തേതിൽ ആകാശത്തിലും ജലത്തിലും കരയിലുമുള്ള സകലജീവജാലങ്ങളും, ആറാമത്തേതിൽ മനുഷ്യനേയും സൃഷ്ടിച്ചു. മനുഷ്യനു മുൻപുള്ള 6000 വർഷവും മനുഷ്യനോടുകൂടിയ 6000 വർഷവും ഉണ്ടായിരിക്കും. [10]

B.C. 500-നും 1000-നും മദ്ധ്യേ ജീവിച്ചിരുന്ന സൊറോസ്റ്റർ ഇവ്വിധം പഠിപ്പിച്ചു.

"ഭൂലോകം ഇപ്പോഴത്തെ നിലയിൽ സ്ഥിതിചെയ്തശേഷം പലവിധ അനീതികളാലും അക്രമങ്ങളാലും ഭൂമി പീഡിപ്പിക്കപ്പെടും. തുടർന്നു് അമാനുഷികരായ രണ്ടു വ്യക്തികൾ പ്രത്യക്ഷപ്പെടുകയും മനുഷ്യരാശിയെ ശുദ്ധീകരിക്കയും ചെയ്യും. ഒടുവിൽ സൊസിയാക് (എബ്രായ ഭാഷയിലെ മശിഹാ എന്ന പദത്തോടു വളരെ സാമ്യമുള്ള

പേരു്) എന്ന പ്രശസ്ത വ്യക്തി രംഗത്തു് പ്രത്യക്ഷനാകും. മരിച്ചവർ ഉയിർക്കുകയും ന്യായവിധി നടത്തുകയും ഭൂമിയെ നവീകരിച്ച മഹത്വീകരിക്കുകയും ചെയ്യും". [11]

B.C. 380—ൽ ജീവിച്ചിരുന്ന തിയോപോംപസ്സ് ഇ പ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:

"ഇപ്പോഴത്തെ ലോകം 6000 വർഷം നിലനിൽക്കുമെന്നും പിന്നെ മരണം നീക്കപ്പെട്ടുകയും മനുഷ്യർക്കു് ആനന്ദകരമായ ഒരു ജീവിതം ഉണ്ടാകുകയുംചെയ്യുമെന്നു പേർഷ്യയിലെ വിദ്വാന്മാർ ഉപദേശിച്ചിരുന്നു". [12]

സിബിലിയൻ ഓറക്കിൾസ് എന്ന പുരാതന രേഖകളിൽ (14 പുസ്തകങ്ങൾ) അഷ്ടസഹസ്രാബ്ദകാല കണക്കു കാണുന്നു. ഇവ ബൈബിൾപ്രവചനത്തിൻെറ ഒരു അനുകരണമാണെന്നു് കരുതപ്പെടുന്നു.

6000 വർഷങ്ങൾക്കുശേഷമുള്ള ഒരു സഹസ്രാബ്ദത്തെക്കുറിച്ചുള്ള പഠിപ്പിക്കൽ ബി. സി. രണ്ടാം ശതാബ്ദംമുതൽ അതായതു് ഏലിയാസ്സ് റബ്ബിയുടെ കാലംമുതൽ അറിയപ്പെട്ടിരുന്നു എന്നാണു് സ്കോട്ട്ലണ്ടിലെ ബിഷപ്പ് റസ്സൽ തൻെറ "സഹസ്രാബ്ദ സംവാദം" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. "ന്യായപ്രമാണംകൂടാതെ 2000 വർഷം, ന്യായപ്രമാണകാലം, 2000 വർഷം മശിഹാകാലം 2000 വർഷം എന്നും 7—ാമത്തെ സഹസ്രാബ്ദത്തിൽ ഭൂമി പുതുക്കപ്പെട്ടുകയും നീതിമാന്മാരുടെയും നീതികെട്ടവരുടെയും ഉയിർപ്പും സംഭവിക്കും എന്നു് ഏലിയാസ്സ് റബ്ബി പഠിപ്പിച്ചു."

മിദ്രാസ്സ് എന്ന യൂദ ഗ്രന്ഥത്തിൽ ഇവ്വിധം കാണുന്നു: "6000 വർഷങ്ങൾക്കുശേഷം ഭൂമി പാഴും ശൂന്യവുമായ പൂർവ്വസ്ഥിതി പ്രാപിക്കും. അതിനുശേഷം സംപൂർണ്ണശബ്ബത്തു ഉണ്ടാകും (ഗഥലീയാറബ്ബി).

"സെസ്പാർ മിഷ്നാ" എന്ന ഗ്രന്ഥത്തിൻെറ ഗ്രന്ഥകാരൻ മൈമോയിഡ്സിനെക്കുറിച്ചുള്ള കുറിപ്പിൽ ഇവ്വിധം രേഖപ്പെടുത്തിയിരിക്കുന്നു.

"6000 വർഷങ്ങൾക്കുശേഷം" ന്യായവിധിയും തുടർന്നു വരുവാനുള്ള യുഗാരംഭമായ ശബത്തു സംജാതമാകും. ശബത്തു വർഷവും യോവേൽവർഷവും സൂചിപ്പിക്കുന്നതു് അതുതന്നെയാണു്".

'മിഷ്നായുടെ വ്യാഖ്യാനഗ്രന്ഥമായ ഗമാറായിൽ' കെതിനാ റബ്ബീ അതേ അഭിപ്രായം ഉദ്ധരിക്കുന്നു.

അപ്പോസ്തല പിതാക്കന്മാരുടെ രേഖകളിൽ ഏററവും പുരാതനമായ ബർന്നബാസ്സിൻെറ ലേഖനത്തിൽ (70—79 A. D.) ഇവ്വിധം കാണുന്നു:

"സൃഷ്ടിയുടെ ആരംഭത്തിൽതന്നെ ശബ്ബത്തിനെക്കുറിച്ചു സ്രഷ്ടാവു് പ്രസ്താവിക്കുന്നു. അതെന്താണ് സൂചിപ്പിക്കുന്നതു്? 1000 സംവത്സരം അവനു് ഒരു ദിവസം പോലെ എന്നു പറഞ്ഞിരിക്കുന്നു: അതിനാൽ 6 ദിവസത്തിനുള്ളിൽ അതായതു് 6000 വർഷ കാലയളവിൽ സകലതും നിവൃത്തിയാകും. 7—ാം ദിവസം അവൻ വിശ്രമിച്ചു. എന്താണ് അതിൻെറ അർത്ഥം? ദുഷ്ടന്മാരുടെ അധീനതാകാലം അവസാനിപ്പിച്ചു് ദുഷ്ടന്മാരെ ന്യായം വിധിക്കും".

ക്രിസ്താബ്ദത്തിൻെറ ആരംഭകാലഘട്ടത്തിൽ എഴുതപ്പെട്ടതു് എന്നു കരുതപ്പെടുന്ന "ഹനോക്കിൻെറ രഹസ്യങ്ങൾ" എന്ന ഗ്രന്ഥത്തിൽ ഇവ്വിധം കാണുന്നു:

എൻെറ പ്രവൃത്തികൾക്കുശേഷം ആദ്യമേ നിയമിച്ച ദിനം, അതേ 8—ാം ദിനത്തേയും ഞാൻ നിയമിച്ചു. പ്രഥമ 7 ദിവസങ്ങൾ 7 സഹസ്രാബ്ദങ്ങൾ എന്നപോലെ 8—ാമത്തെ സഹസ്രാബ്ദത്തിൽ വർഷങ്ങളോ, മാസങ്ങളോ,

ആഴ്ചകളോ, ദിനങ്ങളോ, മണിക്കൂറുകളോ, കണക്കുകൂട്ടാത്ത അന്തമില്ലാത്ത കാലം സംജാതമാകും.

A. D. 100–167–ലും ജീവിച്ചിരുന്ന ജസ്റ്റീൻ മാർട്ടയർ, ട്രിഫോയുമായുള്ള സംവാദത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. "തിരുവെഴുത്തുകളിലെ പല ഭാഗങ്ങളിൽനിന്നു നമുക്കു സൂചനകൾ ലഭിക്കുന്നതുപോലെ ഇപ്പോഴത്തെ ലോകവ്യവസ്ഥ 6000 വർഷം നിലനിൽക്കുമെന്നു കരുതുന്നവരുടെ അഭിപ്രായം ശരിയാണ്. [24]

A. D. 130–ൽ ലയൺസിലെ ബിഷപ്പായിരുന്ന ഐറേനിയസ്സിന്റെ അഭിപ്രായം ഇതാണ്:

"ഭൂലോകസൃഷ്ടി എത്ര ദിവസങ്ങളിൽ നടന്നുവോ തത്തുല്യമായ സഹസ്രാബ്ദങ്ങളിൽ അവ സമാപിക്കും. ദൈവത്തിന് 1000 സംവത്സരം ഒരുദിവസംപോലെ എന്നു പ്രസ്താവിച്ചിരിക്കുന്നതിനാൽ 6000 വർഷങ്ങൾക്കു ശേഷം ലോകം അവസാനിക്കും." [25]

3–ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹിപ്പോലിററസ്സ് കാർത്തജിലെ ബിഷപ്പ് സിപ്രിയാനും (200–258) അതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

ലക്താൻത്തിയസ്സ് ഹേർമിനിയാസ്സ് (260–340) (കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ മക്കളുടെ അദ്ധ്യാപകൻ) വളരെ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുള്ളത് ഇതാണ്:

"6 ദിവസങ്ങളിൽ സൃഷ്ടികർമ്മം പൂർത്തിയായി. 1000 സംവത്സരങ്ങൾ നിന്റെ ദൃഷ്ടിയിൽ ഒരു ദിവസം പോലെ എന്നു പ്രവാചകൻ പ്രസ്താവിക്കുന്നതിനാൽ ദുഷ്ടതനിറഞ്ഞ ഇപ്പോഴത്തെ 6000 വർഷം അവസാനിക്കുകയും 7–ാമത്തെ യുഗമായ അനുഗൃഹീത ശബ്ബത്തു സമാരംഭിക്കുകയുംചെയ്യേണ്ടതാണ്. അന്ന് നീതി പുലരുക

യും ആബാലവൃദ്ധം ജനങ്ങൾക്കു സന്തോഷവും സമാധാനവും ലഭിക്കുകയും ചെയ്യും."

ലത്തീൻഭാഷയിലേക്കു തിരുവെഴുത്തുകൾ തർജ്ജമ ചെയ്ത വി. ജറോം (340–367) അതേ വസ്തുത പഠിപ്പിച്ചു. [29]

ബിഷപ്പ് ഹില്ലാറി (300–367) അതേ വസ്തുത പ്രസ്താവിച്ചു.

"6 ദിവസങ്ങൾക്കുശേഷം മറുരൂപമലയിൽ ക്രിസ്തു തേജസ്സുള്ളവനായി രൂപാന്തരപ്പെട്ടതുപോലെ 6000 സംവത്സരങ്ങൾക്കുശേഷം ഭൂമി തേജസ്സുള്ളതായി രൂപാന്തരപ്പെടേണ്ടതാണു്, അതിന്റെ സമയം വെളിപ്പെടുത്തിയിട്ടില്ല എങ്കിലും ഭൂമിയുടെ 6000 വർഷത്തെ വ്യവസ്ഥാകാലത്തെക്കുറിച്ചു് അദ്ദേഹത്തിനു ദൃഢമായ അഭിപ്രായം ഉണ്ടായിരുന്നു.

ഹിപ്പോയിലെ ബിഷപ്പായിരുന്ന സെൻറ് ആഗസ്റ്റീനോസ്സും അതേ ആശയം തന്റെ എഴുത്തുകളിൽ പ്രകടിപ്പിച്ചിട്ടുണ്ടു്.

"സൃഷ്ടികർമ്മത്തിനുശേഷം ദൈവം 7–ാംനാളിൽ വിശ്രമിച്ചു എന്നു കാണുന്നു. 7–ാംദിനത്തിൽ എന്നപോലെ 7–ാമത്തെ യുഗത്തിൽ തന്റെ വിശുദ്ധന്മാരോടുകൂടെ യഹോവ വിശ്രമിക്കും."

ദൈവം വിശ്രമിച്ചു എന്നു പറയുന്ന ശബ്ബത്തുനാളിൽ നമ്മുടെ വിശ്രമവും സൂചിപ്പിച്ചിരിക്കുന്നതിനു കാരണം 6 യുഗങ്ങൾക്കുശേഷം ലോകശബ്ബത്തു സമാരംഭിക്കുന്നു. 6 ദിവസങ്ങൾ എന്നു പറയാം. ആദാംമുതൽ നോഹവരെ ഒരു ദിവസം ജലപ്രളയം മുതൽ അബ്രഹാംവരെ മറ്റൊന്നു്. അബ്രഹാംമുതൽ ദാവീദുവരെ 3–ാംദിവസം, അതുമുതൽ ബാബേൽപ്രവാസംവരെ 4–ാംദിവസം, തുടർന്നു കർത്താവാ

6-ാംദിവസത്തിലും ജീവിക്കുന്നു. 6-ാംദിവസത്തിൽ ദൈവസാദൃശ്യത്തിൽ നാം സൃഷ്ടിക്കപ്പെട്ടതുപോലെ നാം അവന്റെ സാദൃശ്യത്തിൽ രൂപാന്തരപ്പെടും. അന്നു രൂപീകൃതമായതുപോലെ ഇന്നു പുനർരൂപീകൃതമാകാം. ഈ യുഗാനന്തരം വിശുദ്ധന്മാർക്കു വാഗ്ദത്തംചെയ്തിരിക്കുന്ന വിശ്രാമം സ്വാഗതമാകും." തന്റെ യോഹന്നാന്റെ സുവിശേഷവ്യാഖ്യാനത്തിലും അതേ ആശയം പ്രകടമാകുന്നു.

"അപ്പോൾ ഏകദേശം 6-ാംമണിക്കൂർ ആയിരുന്നു. എന്തുകൊണ്ട് 6-ാംമണിക്കൂർ? എന്തുകൊണ്ടെന്നാൽ 6-ാമത്തെ യുഗത്തിൽ തന്നെ." [33]

"സിററി ഓഫ് ഗോഡ്" എന്ന തന്റെ കൃതിയിൽ അദ്ദേഹം അല്പം വ്യതിചലിച്ചെങ്കിലും യുഗങ്ങൾ ഉണ്ടെന്നുള്ള വസ്തുത നിഷേധിച്ചിട്ടില്ല.

ക്രേത്തിലെ സഭാപിതാവായിരുന്ന ആൻഡ്രൂസ് (699) 6 സഹസ്രാബ്ദങ്ങൾക്കുശേഷം 7-ാംകാഹളനാദത്തിങ്കൽ വിശുദ്ധന്മാരുടെ വിശ്രാമം സമാരംഭിക്കുമെന്ന് അഭിപ്രായപ്പെട്ടു.

17-ാംനൂററാണ്ടിന്റെ ഒടുവിൽ ഇംഗ്ളണ്ടിൽ ജീവിച്ചിരുന്ന പ്രശസ്തനായിരുന്ന ഡോം തോമസ്സ് ബേണററ് ധാരാളം സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങൾ ഉദ്ധരിക്കുന്നുണ്ട്.

ആഗസ്തീനോസ്സ്, ഗ്രീക്കുസഭയിലെ വേദശാസ്ത്രഗ്രന്ഥം രചിച്ച പ്രശസ്ത വേദവ്യാഖ്യാതാവായിരുന്ന ദമസ്കോസ്സിലെ ജോൺ (700–754), സഭാപിതാവും പണ്ഡിതനുമായിരുന്ന ഇസ്സിഡോറസ്സ് ഹിസ്പാലൻസീസ് (636) ഗ്രിഗറി ദി ഗ്രേററ് മാർപാപ്പാ (546–604) മുതലായവർ അതിലുൾപ്പെടുന്നു.

ആർച്ച് ബിഷപ്പ് ഉഷറിന്റെ കണക്കുകൂട്ടൽ വന്നതിനോടുകൂടി 6000 വർഷാന്ത്യം 2000 A. D. ആയി. സ

സ്ഥാനമാക്കി ഒരു ദിവസം 1000 വർഷമെന്നു കരുതാം. എബ്രായർ 5–ൽ പരാമർശിക്കുന്ന ശബ്ബത്തു് സഹസ്രാബ്ദത്തെ സൂചിപ്പിക്കുന്നു എന്നു പിതാക്കന്മാർ കരുതി.

"The approaching end of the Age" by H. Grattan Guinness (129 പേജുകൾ) അഷ്ടദിനവ്യാഖ്യാനവും ആഴ്ചവട്ടപ്രമാണവും വിശദീകരിക്കുന്നു.

Encyclopaedia of Religion and Ethics–ൽ Vol. iv നോക്കുക–

ഇംഗ്ലീഷ്സഭയിലെ (ചർച്ച് ഓഫ് ഇംഗ്ളണ്ട്) ജോസഫ് മീഡ് (1586–1638) ഇസ്സഹാക്ക് ആംബ്രൂസ്സ് (പ്രസ്ബിറ്റേറിയൻസഭ, ഇംഗ്ലണ്ട്) (1664) ജോൺ ബെനിയൻ, റോബർട്ട് ഹെമിംഗ് (പ്രസ്ബിറ്റേറിയൻ, സ്കോട്ട്ലൻഡ്) 2000 A. D. യെ അവസാനമായി ചൂണ്ടിക്കാട്ടി.

ജോർജ്ജ് എ. ചെയിമ്പേഴ്സിൻെറ "The Dispensational Setting of the Transfiguration Scene" (Herald of His coming. Dec. 1943). ഈ ലേഖനം വളരെ സ്വാധീനംചെലുത്തിയ അഭിനവകാലത്തെ ഒരു പഠനമാണു്.

'ഡിസ്പ്പെൻസേഷൻ' എന്ന പദം വേദാനുസരണമാണു്. കാര്യവിചാരകൻ, കാര്യദർശി എന്നീ പദങ്ങളിൽനിന്നു് ഉത്ഭവിച്ചു. "ഡിസ്പ്പെൻസേഷിയോ" എന്ന ലത്തീൻപദത്തിൽനിന്നുൽഭവിച്ചു. ഇക്കണോമി എന്നു് ഇംഗ്ലീഷിൽ.

Liddell & Scott (Moulton & Milligan) New English Dictionary on Historical Principles–ലെ വിശദീകരണം നോക്കുക—"ഒരു മതപ്രമാണകാലം, ദൈവീക ആധികാരത്തിലുളവായ വെളിപ്പാടിൻഘട്ടം, ഒരു പ്രത്യേക കാലത്തിൻേറതോ, ജാതിയുടേതോ ആവശ്യത്തി

ന് ഉതകുന്ന ഭാഗംഭാഗമായുള്ള വെളിപ്പാടിൻെറ യുഗം, പിതാക്കന്മാർ, മോശൈക, ക്രിസ്തീയയുഗങ്ങൾ" മുതലായവ.

"Ency. Brittanica, 14th edn. Strong's Cyclopaedia of Bible Theol. & Eccle. Literature, Fausett's Bible Cyclopaedia Critical and Expository" ഇവ നോക്കുക.

ഡോ. സ്കോഫീൽഡ് ജനിക്കുന്നതിന് 22 വർഷം മുൻപ് ജീവിച്ചിരുന്ന ഇംഗ്ളണ്ടിലെ പ്രശസ്ത വേദവ്യാഖ്യാതാവായിരുന്ന കാനൻഫോസററ് യുഗങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നു. Jamiesson, Fausset & Brown കമൻററിയിലും (6 Vol.) അതു് പ്രതിപാദിച്ചിട്ടുണ്ടു്. 7 യുഗങ്ങൾ ഇവ:— 1) നിഷ്പാപയുഗം, 2) ആദാമ്യയുഗം (വീഴ്ച), 3) നോഹൈകയുഗം, 4) അബ്രഹാമിൻ യുഗം, 5) ന്യായപ്രമാണയുഗം, 6) ക്രൈസ്തവയുഗം, 7) മശിഹായുഗം.

"യുഗങ്ങളെ വേർതിരിച്ചറിയുക; അപ്പോൾ തിരുവെഴുത്തുകൾ പൊരുത്തപ്പെട്ടതായി അനുഭവപ്പെടും". ആഗസ്തീനോസ്സിൻെറ വളരെ പ്രസിദ്ധമായ പ്രസ്തുത ഉപദേശം തൻെറ New Test Lessons (32 പ്രസംഗങ്ങൾ) എന്ന ഗ്രന്ഥത്തിൽ കാണുന്നു.

ഇസ്ലാംമതത്തിലും യുഗപര ഉപദേശം കാണുന്നു. ന്യായവിധിയും നീതിവസിക്കുന്ന ഭരണവും ഖുറാൻ പഠിപ്പിക്കുന്നു. [17]

## നവീകരണകാലംമുതൽ ഇന്നുവരെ

വില്യം ജോർജ്ജ് (1575–1658) ഈററനിലും കേംബ്രിഡ്ജിലും പഠിച്ചു. വെസ്ററ് മിനിസ്ററർ അസംബ്ലിയുടെ അംഗം. തൻെറ എബ്രായലേഖനവ്യാഖ്യാനത്തിൽ ആഗസ്തീനോസ്സിൻെറ യുഗപഠനവ്യാഖ്യാനം എടുത്തുപറയുന്നു.

വില്യംകേവ് (1639—1713)

പീയറി പോയിററ് (1640—1719) ഫ്രഞ്ച് തത്വജ്ഞാനി 6 വാല്യങ്ങൾ എഴുതി "The Divine Economy" അദ്ദേഹം വിശദമാക്കുന്നതു്: "ഞാൻ മേല്പറഞ്ഞ യുഗങ്ങളുടെ പൂർണ്ണകാലയളവോ നിശ്ചയിക്കുന്നില്ല. എന്നാൽ ഇവ്വിധ കാലയളവുകളിലൂടെ ലോകം കടന്നുവന്നിരിക്കയാണു്".

ജോൺ എഡ്വേർഡ്സ് (1639—1716) യുഗങ്ങളെക്കുറിച്ചു രണ്ടു വാല്യങ്ങളിൽ ഒരു ഗ്രന്ഥം എഴുതി—ഇത്രയും വിശദമായും വിസ്തരിച്ചും എഴുതിയ വേറൊരു ഗ്രന്ഥകാരനേയും കാണുന്നില്ല എന്നു് മുഖവുരയിൽ അദ്ദേഹം പറയുന്നു. എന്നാൽ കേംബ്രിഡ്ജ് ലൈബ്രറിയിൽ തദ്വിഷയമായി മററു പുസ്തകങ്ങൾ ഉണ്ടായിരുന്നു എന്നു് അദ്ദേഹം സൂചിപ്പിക്കുന്നു.

വിസക്കൗണ്ട് ബാറിംഗ്ടൺ (1678–1734) നിരവധി ലേഖനങ്ങൾ യുഗങ്ങളെക്കുറിച്ചു എഴുതി.

ഇസ്സഹാക്ക് വാററ്സ് (1674—1748) ഗാനരചയിതാതാവു് ക്രമം—നിഷ്പാപാവസ്ഥ

ആദാമ്യകാലം (വീഴ്ച), നോഹൈകകാലം, അബ്രഹാമിൻെറ യുഗം, മോശയുടെ ന്യായപ്രമാണയുഗം, ക്രിസ്തീയയുഗം, അന്ത്യയുഗം—

മേല്പറഞ്ഞവയാണു് ഡോ. സ്കോഫീൽഡ് തൻെറ കുറിപ്പുകളിലൂടെ പ്രചരിപ്പിച്ചതു്.

യോനാഥാൻ എഡ്വേർഡ് (1703—1758) "History of Redemption".

ജോൺഫ്ളച്ചർ (1729—1785) വെസ്ലി സഹോദരന്മാരുടെ സുഹൃത്തായിരുന്നു.

ഡേവിഡ് ബോഗു (1750—1825) ഇംഗ്ലീഷ് വേർപാട്ടു് സഭാശുശ്രൂഷകൻ (L. M. S. Society Training School, B. B. Society, R. Tract Society തുടങ്ങി—)

ആഡംക്ലാർക്ക് (1762—1832) അദ്ദേഹത്തിന്റെ യുഗപഠന കുറിപ്പുകൾ തന്റെ കമ്മന്ററിയിൽ ഉണ്ട്. മെത്തഡിസ്റ്റ് വേദവ്യാഖ്യാതാവ്.

പഴയതും പുതിയതുമായ യുഗപഠനം 1825 മുതലാണ് പ്രത്യേകനിലയിൽ വളർന്നുവന്നത്.

1836—ൽ ജോൺ നെൽസൺ ഡാർബ്ബി തദ്വിഷയമായി എഴുതുവാൻ സമാരംഭിച്ചു. "ക്രിസ്ത്യൻ വിറ്റ്നസ്സിൽ" യുഗങ്ങളെക്കുറിച്ചു സമഗ്രമായി എഴുതുവാൻ തുടങ്ങി. അവ 32 വാല്യങ്ങൾ ഉണ്ട്. "Collected writings of J. H. Darby".

ജോൺ ഫോർബ്ബസ്സ് ഗ്ലാസ്ഗോയിലെ സെന്റ് പോൾസിലെ ശുശ്രൂഷകൻ. 1840—ൽ യഹൂദയുഗത്തെക്കുറിച്ചു എഴുതി.

Benjaimin Wills Newton (1805—1898) ഡാർബ്ബിയുടെ കൂട്ടുപ്രവർത്തകനായിരുന്നു കുറെനാൾ—പ്ളിമത്ത് ബ്രദറൻ ആണ്.

പാട്രിക്ക് ഫയർബേൺ (1805—1874) "Typology" യുടെ ഗ്രന്ഥകാരൻ (സ്കോട്ട്ലൻഡ്) 3 യുഗങ്ങളെക്കുറിച്ചു് എഴുതുന്നു.

ശമുവേൽ ഫാർമർ ജാർവ്വീസ് (1787—1851) അമേരിക്കൻ എപ്പിസ്ക്കോപ്പൽ സഭാചരിത്രകാരൻ. ജനറൽ തിയോളജിക്കൽ സിമ്മനാരി പ്രൊഫസറായിരുന്നു.

ഫ്രെഡ്രിക്ക് വില്യം റോബട്ട്സൺ (1816—1853) ട്രിനിററി കോളജിലെ ശുശ്രൂഷകൻ ജോജ്ജ് സ്മിത്ത്, (ബ്രിട്ടീഷ് വെസ്ളിയൻ സഭാശുശ്രൂഷകൻ) ഇംഗ്ലണ്ടിലെ ജോൺ കോക്സ് (1802-1878) യുഗങ്ങളെക്കുറിച്ചു ധാരാളമെഴുതി.

## സ്കോഫീൽഡ് കാലഘട്ടം

ജോൺ കൃമിംഗ് (1801—1881) സ്കോട്ട്ലൻഡിലെ ദേശിയ സഭാനേതാവ് 'The Great Consumation' എന്ന ഗ്രന്ഥത്തിൽ 7 യുഗങ്ങളെക്കുറിച്ചു എഴുതി.

വില്യം കണ്ണിംഗഹാം (1805—1861) സ്കോട്ട്ലൻഡിലെ വേദശാസ്ത്രജ്ഞൻ എഡിൻബറോ ന്യൂ കോളജിലെ പ്രൊഫസ്സർ 'Historical Theology രചിച്ചു.

'Robert Jamieson' (1802—1880) ഗ്ലാസ്സ്ഗോയിലെ വേദശാസ്ത്രജ്ഞൻ–6 വാല്യങ്ങളിലുള്ള കമ്മൻററിയിൽ യുഗപഠനസത്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

Charles Hodge (1797—1878) പ്രിൻസ്റ്റൺ സർവ്വകലാശാലയിലെ പ്രൊഫസ്സർ.

Henry Grattan Guinness (1835—1910) അഷ്ടം യുഗങ്ങളെക്കുറിച്ചു എഴുതി.

Arthur C. Cox (1816—96) Bishop of Western New-York "Lectures on Prophecy".

Rev. George Wilson Birmingham "The Kingdom of God developed" (1055 P) 1887-ൽ എഴുതി.

Burlington B. Wale's "The Closing Days of Xendom" യുഗവിശദീകരണം നൽകുന്നു. 7 യുഗങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നു.

James H. Brookes (1830–1897) 'Truth' ൻെറ പത്രാധിപരായി 23 വർഷം സേവനം അനുഷ്ഠിച്ചു. യുഗപഠനം നടത്തി.

George H. Pember (1837—1910) കേംബ്രിഡ്ജിൽ പഠിച്ചു. 7 യുഗങ്ങളെക്കുറിച്ചു പഠിപ്പിച്ചു. The Great Prophecies of the Centuries concerning Israel and of the Gentiles"—1895-ൽ പ്രസിദ്ധപ്പെടുത്തി.

Robert Cameron "Doctrine of the Ages" എഴുതി.

Dr. James M. Gray—1851—1935 മൂഡി ബൈബിൾ ഇൻസ്റ്റിട്യൂട്ട് പ്രസിഡണ്ടായിരുന്നു. Disptl. Bible Studies എന്ന ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തി.

E. W. Bull nger "How to enjoy the Bible" Companion Bible-ലെ കുറിപ്പുകളും എഴുതിയതും അദ്ദേഹമാണ്.

ഡോ. സ്കോഫീൽഡ് (1843—1921) "Rightly Dividing the Truth" പ്രസിദ്ധപ്പെടുത്തി – പിന്നീട് സ്കോഫീൽഡ് ബൈബിളും പ്ര സി ദ്ധം ചെയ്തു (1909).

ഡോ. ജയിംസ് എച്ച്. ബ്രൂക്ക്സാണ് ഡോ. സ്കോഫീൽഡിനെ യുഗപഠനത്തിലേയ്ക്കു വഴിനടത്തിയതും സ്വാധീനപ്പെടുത്തിയതും.

Clarence Larkin (1850—1924) "Dispensational Truth" എന്ന പ്രസിദ്ധ യുഗപഠന ഗ്രന്ഥംരചിച്ചു.

യുഗങ്ങൾ എത്ര എന്നോ അവയുടെ സമാരംഭസമാപനത്തെക്കുറിച്ചുള്ള വിശദീകരണങ്ങളിൽ ഏതെങ്കിലും വ്യാഖ്യാനം ശരിവെയ്ക്കുകയോ ഖണ്ഡിക്കുകയോ ചെയ്യുക അല്ല ഈ ലേഖനത്തിൻെറ ഉദ്ദേശ്യം. പ്രത്യുത, യുഗപഠനസത്യങ്ങൾ ഒരുപ്രകാരം അല്ലെങ്കിൽ വേറൊരുപ്രകാരം പുരാതനകാലംമുതൽ മനുഷ്യർക്കു ദൈവം വെളിപ്പെടുത്തിയിരുന്ന സത്യമാണ് എന്നു വ്യക്തമാക്കുകമാത്രമാണു ചെയ്യുന്നതു്. പുതിയനിയമകാലത്തു് വി. അപ്പോസ്തലരിൽകൂടെ പ്രത്യേകിച്ച് വി.പൗലോസിൽകൂടെ അതു് പൂർവ്വാധികം വെളിപ്പെടുത്തുകയാണ് ഉണ്ടായതു്.

നവീകരണകാലാനന്തരം ഒരു കൂട്ടംവേദവ്യാഖ്യാതാക്കൾ പൊതുജനശ്രദ്ധയെ വീണ്ടും വി. ബൈബിളിലേയ്ക്കു സമാകർഷിച്ചപ്പോൾ യുഗപഠനത്തിലേക്കും അവരുടെ ശ്രദ്ധ പതിഞ്ഞു.

1903—ൽ പ്രസിദ്ധീകൃതമായ സ്ക്കോഫീൽഡ് ബൈബിൾ യുഗപഠനപ്രചാരത്തിന് വളരെ സഹായകമായി എന്നുള്ളതു് ശരിയാണ്.

തുടർന്നുണ്ടായ രണ്ടുലോകമഹായുദ്ധങ്ങൾ, അണുശക്തിഉല്പാദനം, യിസ്രായേൽ രാഷ്ട്രപ്പിറവി, യൂറോപ്യൻ

രാഷ്ട്രരൂപീകരണം എന്നീ സുപ്രധാന ലോകസംഭവവികാസങ്ങൾ യുഗപരപ്രവചന യാഥാർത്ഥ്യത്തിലേക്ക് അഭിനവവേദവ്യാഖ്യാതാക്കളുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയെ ഇന്ന് സമാകർഷിച്ചുകൊണ്ടിരിക്കയാണ്. മാത്രമല്ല, ആധുനിക സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരം എപ്പോൾ, എങ്ങനെ എപ്രകാരമെന്ന് ബൈബിളിലെ യുഗപരസത്യങ്ങളാണ് നമ്മെ ഗ്രഹിപ്പിക്കുന്നത്. അതിനാൽ യുഗപഠനംസംബന്ധിച്ചു ക്രൈസ്തവ സഭാകേന്ദ്രങ്ങളിൽ മുൻകാലങ്ങളിൽ ഉളവായ തെററിദ്ധാരണകൾ നീക്കുവാനുള്ള സമയം അതിക്രമിച്ചിരിക്കയാണ്. അതിന് ഈ ഗവേഷണപഠനം അനേകർക്ക് ഉത്തേജനംനൽകുവാൻ വിശ്വാസികൾ പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രബന്ധം നിങ്ങളുടെ മുൻപാകെ സവിനയം അവതരിപ്പിച്ചുകൊള്ളുന്നു.

---

ഈ പ്രബന്ധത്തിലെ അടിക്കുറിപ്പുകൾ :—

[8] Ward, "History of the Millennium" quoted by Taylor P. 27. Charles Dabuz (1670—1740) was a protestant French divine of a prophetic student of Considerable reputation.

[10] Encyclopaedia of Religion & Ethics—Vol. 5. P. 538.

[11] Taylor P. 28. Prideaux and Hegstenburg thought Lestole & adultered Hebrew prophets.

[12] Extracted by Russell by Taylor P. 27.

[24] D. T. Taylor 'Voice of the Church' P. 59.

[25] Ante Nicene Fathers. Vol. 1. P. 557.

[27] Taylor P. 73.

[29] Taylor P. 96.

[33] Tractate on the Gl. of John 15. Vol. 8. P. 100-101

[17] Eschatology 9. Muhammadan Hastings Encyclopaedia of Religion and Ethics. Vol. 5. P. 376.